"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചേർത്തല മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർഡി) വകുപ്പ്

സ.ഉ.(കൈ) നം.185/2025/LSGD തീയതി,തിരുവനന്തപുരം, 16-10-2025

പരാമർശം:-
1. 25.07.2022 തീയതിയിലെ സ.ഉ.(കൈ)നം.164/2022/തസ്വഭവ നമ്പർ ഉത്തരവ്.
2. 19.09.2022 തീയതിയിലെ 3187 -ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനം.
3. 17.05.2023 തീയതിയിലെ സ.ഉ.(കൈ) നം.114/2023/തസ്വഭവ നമ്പർ ഉത്തരവ്.
4. ചേർത്തല നഗരസഭാ കൗൺസിലിന്റെ 19.06.2024 തീയതിയിലെ 15-ാം നമ്പർ തീരുമാനം.
5. 25.02.2025 തീയതിയിലെ മുഖ്യനഗരാസൂത്രകയുടെ LSGD/PD/17173/2023-TCPB4 നമ്പർ കത്ത്.

ഉത്തരവ്

ചേർത്തല മാസ്റ്റർപ്ലാനിന് പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുണ്ട്. ചേർത്തല മാസ്റ്റർ പ്ലാനിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ട് ചേർത്തല നഗരസഭ, പരാമർശം (2) പ്രകാരം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ കരട് മാസ്റ്റർ പ്ലാനിന്മേൽ വളരെകുറച്ച് ആക്ഷേപാഭിപ്രായങ്ങൾ മാത്രമേ ലഭിച്ചിരുന്നുള്ളൂ എന്നതിനാൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുന്നതിന്റെ സമയപരിധി 3 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. പ്രസിദ്ധീകരിച്ച ചേർത്തല മാസ്റ്റർ പ്ലാനിന്മേൽ ലഭ്യമായ ആക്ഷേപാഭിപ്രായങ്ങൾ പരിശോധിച്ചതിനു ശേഷം മാസ്റ്റർ പ്ലാൻ കമ്മിറ്റി നൽകിയ ശിപാർശയുടെയും നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഭേദഗതികൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ ചേർത്തല നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും തുടർന്ന്, പുതുക്കി തയ്യാറാക്കിയ കരട് ചേർത്തല മാസ്റ്റർ പ്ലാൻ റിപ്പോർട്ട്, അനുബന്ധ രേഖകൾ സഹിതം ചേർത്തല നഗരസഭ സെക്രട്ടറി, ജില്ലാ നഗരാസൂത്രകൻ മുഖേന മുഖ്യനഗരാസൂത്രകയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

3. ചേർത്തല നഗരസഭ കൗൺസിലിന്റെ പരാമർശം (4) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2016 - ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(8), 2021 - ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം കരട് ചേർത്തല മാസ്റ്റർ പ്ലാനിന് അന്തിമ അനുമതി നൽകുന്നതിന് പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രക ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത മാസ്റ്റർ പ്ലാൻ, അനുമതിക്കായി സർക്കാരിൽ സമർപ്പിക്കുന്നതിന് നിയമപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയപരിധി പാലിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിലുള്ള അധികരിച്ച സമയപരിധി സാധൂകരിക്കുന്നതിനും പരാമർശം (5) പ്രകാരം മുഖ്യനഗരാസൂത്രക ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകയുടെ ശിപാർശ പരിഗണിച്ച്, ചേർത്തല മാസ്റ്റർ പ്ലാനിന് 2016 - ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(8), 2021 - ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം അന്തിമ അനുമതി നൽകിക്കൊണ്ടും പ്രസ്തുത മാസ്റ്റർ പ്ലാൻ, അനുമതിക്കായി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനായുള്ള അധികരിച്ച സമയപരിധി, 2016 - ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ വകുപ്പ് 36(11) പ്രകാരം സാധൂകരിച്ച് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
മുഖ്യനഗരാസൂത്രക (പ്ലാനിംഗ്) തിരുവനന്തപുരം.
ജില്ലാ നഗരാസൂത്രകൻ, ആലപ്പുഴ.
സെക്രട്ടറി, ചേർത്തല നഗരസഭ.
ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി (RD3/94/2025-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 17-10-2025 16:22:48